എൽ.ആർ. (എ) 3 - 13768/2011

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്,
തിരുവനന്തപുരം, തീയതി 11-05-2011

OFFICE OF THE INS... OF REGISTRATION
17 MAY 2011
11190

കമ്മീഷണർ,
ലാന്റ് റവന്യൂ.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം

സർ,

വിഷയം: **കേരള മുദ്രപത്ര നിയമം, വകുപ്പ് 54 (2) പ്രകാരം തീരുമാനത്തിനായി അയച്ചു തന്ന ആധാരത്തിന്മേലുള്ള തീരുമാനം അറിയിക്കുന്നത് - സംബന്ധിച്ച്**

സൂചന: താങ്കളുടെ 23-03-2011 ലെ ആർ. ആർ 4-3837/2011 നം. കത്ത്.

കേരള മുദ്രപത്ര നിയമം 31 വകുപ്പ് പ്രകാരം തീർപ്പ് കല്പിക്കുന്നതിനായി ശ്രീമതി. സരസ്വതി അമ്മ സമർപ്പിച്ച ആധാരത്തിന്മേൽ, കേരള മുദ്രപത്ര നിയമം 54 (2) വകുപ്പ് അനുസരിച്ചുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ തീരുമാനം ചുവടെ ചേർക്കുന്നു.

കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിലെ 283/2000 നമ്പർ ആധാര പ്രകാരം ശ്രീമതി. സരസ്വതി അമ്മയ്ക്ക് ലഭിച്ച താമസ സൗകര്യവും, പട്ടയാവകാശവും കൂട്ടുടമസ്ഥനായ തന്റെ മകന്റെ പേർക്ക് എഴുതി കൊടുക്കുന്നതിനാണ് പ്രസ്തുത ബന്ധവസ്ഥാധാരം ചമച്ചിരിയ്ക്കുന്നത്. ടി ആധാരം മൂലം, വസ്തുവിലെ അവകാശമോ, കൈവശമോ, കൈമാറ്റം ചെയ്യപ്പെടുന്നില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത ബന്ധവസ്ഥാധാരം താമസ സൗകര്യവും, പട്ടയാവകാശവും കൂട്ടുടമസ്ഥനായ മകന്റെ പേർക്ക് ഒഴിഞ്ഞു കൊടുക്കുന്ന ഒരു ഒഴുകുറിയാണെന്നും, ആയതിന് കേരള മുദ്രപത്ര നിയമം പട്ടിക ആർട്ടിക്കിൾ 48 (എ) പ്രകാരം 1 % നിരക്കിൽ മതിയെന്നും, 1,000/- രൂപയുടെ ഒഴിമുറിയ്ക്ക് 1 % നിരക്കിൽ 10/- രൂപ മുദ്രവില മതിയാകുമെന്നും, ടി ആധാരത്തിന് 100/- രൂപ മുദ്രവില ചുമത്തിയിട്ടുള്ളതിനാൽ മതിയായ മുദ്രവില ചുമത്തിയിട്ടുണ്ടെന്നുമുള്ള താങ്കളുടെ അഭിപ്രായത്തോടെ യോജിയ്ക്കുന്നുവെന്ന തീരുമാനം അറിയിയ്ക്കുന്നു.

**ഒപ്പ്**
**കമ്മീഷണർ**
( ലാന്റ് റവന്യൂ)

അംഗീകാരത്തോടെ

കമ്മീഷണർക്കു വേണ്ടി

**പുറത്തെഴുത്ത് നമ്പർ RR4 - 3837/2011**

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസ്,**
**തിരുവനന്തപുരം, തീയതി, 28/05/2011**

**ഉത്തരവിന്റെ പകർപ്പ് അനന്തര നടപടികൾക്കായി അയക്കുന്നു.**

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു വേണ്ടി**

**To - ജില്ലാ രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം**